"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് അവർ ഏർപ്പെടുന്ന തൊഴിലിലെ risk factor പരിഗണിച്ച് 750/- **രൂപ ദിവസ വേതനം** അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.1649/2020/LSGD തീയതി,തിരുവനന്തപുരം, 14/09/2020

---

പരാമർശം:- 1 09/07/2019-ലെ സ.ഉ.(അച്ചടി) നം.81/2019/ധന. നമ്പർ ഉത്തരവ്

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.07.2020- ലെ 1762/C2/2020/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി ആവശ്യാനുസരണം തൊഴിലാളികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കേണ്ടതായി വരുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് പ്രതിദിനം Rs.660/- രൂപ വേതനം നൽകുവാൻ പരാമർശം (1) പ്രകാരം വ്യവസ്ഥചെയ്തിട്ടുണ്ട്. . എന്നാൽ നിലവിലെ കോവിഡ്-19 പകർച്ച വ്യാധിയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികളുടെ ദിവസ വേതനം 20% വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു..

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് അവർ ഏർപ്പെടുന്ന തൊഴിലിലെ risk factor പരിഗണിച്ച് 750/- **രൂപ ദിവസ വേതനം** അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ധനകാര്യ(ഡവലപ്മെന്റ് വിങ്) വകുപ്പ് - (Dev 1/163/2020/Fin)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.09.14 16:13:25 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്